(ബി) എറണാകുളം ജില്ലയിൽ ഈ ഇനത്തിൽ എത്ര പദ്ധതികൾ അനുവദിച്ചു ; ഇതിനായി എത്ര രൂക വകയിരുത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഏതൊക്കെ ക്ഷേത്രക്കുളങ്ങൾ നവീകരിക്കുകയുണ്ടായി ; ആയതിന് എത്ര രൂക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രങ്ങളോടു ചേർന്നുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ആറു പദ്ധതികൾ. ആറു പദ്ധതികൾക്കുമായി 71,50,000 രൂപ (എഴുപത്തിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സി) വൈപ്പിൻ മണ്ഡലത്തിൽ ദേവസ്വം വക ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് രൂകയൊന്നും സർക്കാർ അനുവദിച്ചിട്ടില്ല.

മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ ഭൂമി

165 (830) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ മുന്നേക്കർ സ്ഥലം ലഭ്യമാക്കുവാൻ അനുമതി നൽകിക്കൊണ്ടുള്ള ജലവിഭവ വകുപ്പിന്റെ കത്ത് കോഴിക്കോട് പ്രോജക്ട് ചീഫ് എഞ്ചിനീയർക്ക് നൽകിയത് എപ്പോഴാണ് എന്നുള്ളവിവരം നൽകുമോ ;

(ബി) പ്രസ്തുത കത്ത് പ്രകാരം തുടർനടപടി ആവശ്യപ്പെട്ട് എം.എൽ.എ.-യും റവന്യൂ അധികൃതരും നൽകിയ കത്തുകൾ പ്രകാരം പഴശ്ശി പ്രോജക്ട് ഉദ്യോഗസ്ഥർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ മുന്നേക്കർ സ്ഥലം ലഭ്യമാക്കുവാൻ അനുമതിനൽകിക്കൊണ്ടുള്ള ജലവിഭവ വകുപ്പിന്റെ കത്ത് 28-11-2013 തീയതിവെച്ച് കോഴിക്കോട് പ്രോജക്ട് ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പഴശ്ശി പ്രോജക്ടിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുവേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പുമായി പഴശ്ശി പദ്ധതി ഡിവിഷൻ അധികൃതർ കത്തിടപാടുകൾ നടത്തിവരികയാണ്. അവസാനമായി 1-6-2015-ൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ജലസേനച വകുപ്പിൽനിന്നും കാലതാമസം ഉണ്ടായതായി കാണുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം വിതരണം

166 (831) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ളം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ; എവിടെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; എത്ര ലക്ഷത്തിന്റേതാണ് പദ്ധതിയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പദ്ധതി പുനർ ദർഘാസ് അവസ്ഥയിലാണ്. ടെണ്ടർ പരിശോധന നടന്നുവരുന്നു.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റ് തുടങ്ങുന്നതിന് 4-4-2008-ലെ സ.ഉ.(എംഎസ്.)നമ്പർ 18/2008/ജ.വി.വ. ഉത്തരവ് പ്രകാരം 285 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ടെണ്ടർ അനുമതി ലഭ്യമാക്കി വർക്ക് അവാർഡ് ചെയ്യുകഴിഞ്ഞാൽ 6 മാസത്തിനകം പൂർത്തിയാക്കി പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) 2014-ൽ മുന്നു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ഉചിതമായ ടെണ്ടർ ലഭ്യമാകാത്തതിനാൽ പദ്ധതി തുടങ്ങുവാൻ കഴിഞ്ഞില്ല. തുടർന്ന് സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നീ 3 വിഭാഗങ്ങളാക്കി ടെണ്ടർ ചെയ്തതിൻ പ്രകാരം ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly